# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2860 — 19.06.14 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം - ആശങ്കകൾ അകറ്റാൻ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ജനങ്ങളുടെ ആശങ്കകൾ അകറ്റാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ? | (എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിനാണ് ഭക്ഷ്യധാന്യങ്ങൾക്ക് നിയമ പരിരക്ഷയുള്ളത്. നിലവിലുള്ള എ.എ.വൈ. ഗുണഭോക്താക്കളെ പ്രത്യേകമായി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത് പോലെ 35 കി.ഗ്രാം ഭക്ഷ്യധാന്യം തുടർന്നും അവർക്ക് ലഭിക്കുന്നതാണ്. ബാക്കി മുൻഗണനാ വിഭാഗത്തിലെ കാർഡിലുൾപ്പെട്ടവർക്ക് ഓരോ അംഗത്തിനും പ്രതിമാസം 5 കി.ഗ്രാം ഭക്ഷ്യധാന്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ 52.63 %-ഉം നഗര പ്രദേശങ്ങളിലെ 39.5% ജനങ്ങളേയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കും. ഇപ്രകാരം 154.8 ലക്ഷം ജനങ്ങളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഈ നിയമ പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് അനുവദിക്കപ്പെട്ടിരിക്കുന്നത്. ആയതിൽ നിന്ന് മുൻഗണനാ വിഭാഗത്തിന് വേണ്ടി വരുന്നത് 10.00 ലക്ഷം മെട്രിക് ടണ്ണാണ്. ബാക്കിയുള്ള 4.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ഉപയോഗിച്ച് പ്രതിമാസം 8 കി.ഗ്രാം. എന്ന ക്രമത്തിൽ പൊതു വിഭാഗത്തിൽപ്പെടുന്ന കാർഡുടമകൾക്ക് വിതരണം ചെയ്യാൻ കഴിയും. ഇത് എ.പി.എൽ. നിരക്കിൽ ലഭ്യമാക്കാമെന്ന് കേന്ദ്രസർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. |

ബി.പി.എൽ-എ.എ.വൈ. വിഭാഗങ്ങളിലായി നിലവിൽ 96.03 ലക്ഷം അംഗങ്ങളാണ് ഉള്ളത്. ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 154.8 ലക്ഷം അംഗങ്ങളെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്താൻ കഴിയും. നിലവിൽ ബി.പി.എൽ. - എ.എ.വൈ വിഭാഗങ്ങൾക്കായി 7.72 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് ലഭിക്കുന്നത്. എന്നാൽ പദ്ധതി നടപ്പിൽ വരുമ്പോൾ മുൻഗണനാ വിഭാഗത്തിന് 10 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് ലഭിക്കുന്നത്. അതായത് നിലവിലുള്ളതിനേക്കാൾ കൂടുതൽ ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം അധിക വിഹിതം കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന സാഹചര്യമാണ് സംജാതമാകുന്നത്.

മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് ഏതെങ്കിലും കാരണവശാൽ ഭക്ഷ്യധാന്യ വിതരണം പ്രാവർത്തികമാകാതെ വന്നാൽ അർഹതപ്പെട്ട ഭക്ഷ്യധാന്യത്തിന്റെ വില ഫുഡ് സെക്യൂരിറ്റി അലവൻസായി നൽകുന്നതാണെന്നും നിയമത്തിൽ വിഭാവനം ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ ബിൽ നടപ്പിലാക്കുമ്പോൾ പൊതുവിതരണ ശൃംഖലയിൽ നിന്നും നിലവിലുള്ള ഒരു കുടുംബവും ഒഴിവാക്കപ്പെടുകയില്ലെന്നും മറിച്ചുള്ള ആശങ്കകൾ അടിസ്ഥാന രഹിതമാണെന്നും അറിയിക്കുന്നു.

സെക്ഷൻ ഓഫീസർ